©
**കേരള സർക്കാർ**
Government of Kerala
2019

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| **വാല്യം 8**<br>Vol. VIII | **തിരുവനന്തപുരം, വെള്ളി**<br>Thiruvananthapuram, Friday | **2019 ജൂലൈ 12**<br>12th July 2019<br>**1194 മിഥുനം 27**<br>27th Mithunam 1194<br>**1941 ആഷാഢം 21**<br>21st Ashadha 1941 | **നമ്പർ**<br>No. **1562** |

കേരള സർക്കാർ

<u>തദ്ദേശ സ്വയംഭരണ (ഐ. എ.) വകുപ്പ്</u>

വിജ്ഞാപനങ്ങൾ

സ ഉ. (അച്ചടി) നമ്പർ .36/2019/ത.സ്വ.ഭ.വ. *തിരുവനന്തപുരം, 2019 ജൂൺ 10*
*1194 ഇടവം 27.*

**എസ്. ആർ. ഒ. നമ്പർ 465/2019**

**I**

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിലെ (2016-ലെ 9) 52-ാം വകുപ്പും, 2015-ലെ കേരള നഗര-ഗ്രാമാസൂത്രണ (വികസന അതോറിറ്റികൾ) ചട്ടങ്ങളിലെ 5-ാം ചട്ടവും കൂട്ടി വായിച്ച പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, 2016 ഡിസംബർ 16-ാം തീയതിയിലെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സ. ഉ. (അച്ചടി) നമ്പർ 48/2016/ത.സ്വ.ഭ.വ. ആയി പുറപ്പെടുവിച്ചതും 2016 ഡിസംബർ 16-ാം തീയതിയിലെ 2181-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 757/2016-ാം നമ്പർ ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപന പ്രകാരം വിശാല കൊച്ചി വികസന അതോറിറ്റിയുടെ ചെയർമാനായി നിയമിക്കപ്പെട്ട ശ്രീ. സി. എൻ. മോഹനന് (ലക്ഷ്മിനാരായൺ ഭവൻ, ചപ്പുറായിൽ, പുത്തൻകുരിശ്, എറണാകുളം) പകരം അഡ്വക്കേറ്റ് വി. സലീമിനെ വിശാല കൊച്ചി വികസന അതോറിറ്റിയുടെ ചെയർമാനായി നിയമിക്കുകയും മേൽപ്പറഞ്ഞ വിജ്ഞാപനം താഴെപ്പറയും പ്രകാരം ഭേദഗതി വരുത്തുകയും ചെയ്യുന്നു, അതായത്:—

## ഭേദഗതി

മേൽപ്പറഞ്ഞ വിജ്ഞാപനത്തിലെ 2-ാം ഖണ്ഡികയിൽ, ‘‘ശ്രീ. സി. എൻ. മോഹനൻ (ലക്ഷ്മിനാരായൺ ഭവൻ, ചപ്പുറായിൽ, പുത്തൻകുരിശ്, എറണാകുളം)’’ എന്ന വാക്കുകൾക്കുപകരം ‘അഡ്വക്കേറ്റ് വി. സലീം (വലിയകത്ത് വീട്, ഹിൽറോഡ്, ആലുവ, എറണാകുളം)’’ എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സ. ഉ. (അച്ചടി) നമ്പർ 36/2019/ത.സ്വ.ഭ.വ. 2019 ജൂൺ 10

തിരുവനന്തപുരം

**എസ്. ആർ. ഒ. നമ്പർ 466/2019**

**II**

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിലെ (2016-ലെ 9) 54-ാം വകുപ്പും, 2015-ലെ കേരള നഗര-ഗ്രാമാസൂത്രണ (വികസന അതോറിറ്റികൾ) ചട്ടങ്ങളിലെ 3-ാം ചട്ടവും കൂട്ടിവായിച്ച പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, 2016 ഡിസംബർ 16-ാം തീയതിയിലെ സ. ഉ. (അച്ചടി) നമ്പർ 48/2016/ത.സ്വ.ഭ.വ. ആയി പുറപ്പെടുവിച്ചതും 2016 ഡിസംബർ 16-ാം തീയതിയിലെ 2181-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 758/2016 നമ്പരായി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനപ്രകാരം രൂപികരിച്ച് വിശാല കൊച്ചി വികസന അതോറിറ്റിയുടെ ജനറൽ കൗൺസിലിന്റെ ചെയർമാൻ ആയി നിയമിക്കപ്പെട്ട ശ്രീ. സി. എൻ. മോഹനന് പകരം അഡ്വക്കേറ്റ് വി. സലീമിനെ ജനറൽ കൗൺസിലിന്റെ ചെയർമാനായി നിയമിക്കുകയും മേൽപ്പറഞ്ഞ വിജ്ഞാപനം താഴെപ്പറയും പ്രകാരം ഭേദഗതി വരുത്തുകയും ചെയ്യുന്നു, അതായത്:—

## ഭേദഗതി

മേൽപ്പറഞ്ഞ വിജ്ഞാപനത്തിലെ 'ജനറൽ കൗൺസിൽ'' എന്ന ശീർഷകത്തിൻ കീഴിൽ '(a) വികസന അതോറിറ്റിയുടെ ചെയർമാൻ (എക്സ് ഓഫീഷ്യോ)'' എന്ന ഉൾക്കുറിപ്പിനുനേരെയുള്ള ഉൾക്കുറിപ്പിനുപകരം താഴെപ്പറയുന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാണ്:

'അഡ്വക്കേറ്റ് വി. സലീം,
വലിയകത്ത് വീട്,
ഹിൽറോഡ്,
ആലുവ, എറണാകുളം''.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സ. ഉ. (അച്ചടി) നമ്പര്‍ 36/2019/ത.സ്വ.ഭ.വ. 2019 ജൂണ്‍ 10

തിരുവനന്തപുരം

**എസ്. ആര്‍. ഒ. നമ്പര്‍ 467/2019**

**III**

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിലെ (2016-ലെ 9) 55-ാം വകുപ്പും, 2015-ലെ കേരള നഗര-ഗ്രാമാസൂത്രണ (വികസന അതോറിറ്റികള്‍) ചട്ടങ്ങളിലെ 4-ാം ചട്ടവും കൂട്ടിവായിച്ച പ്രകാരം സര്‍ക്കാരില്‍ നിക്ഷിപ്തമായ അധികാരങ്ങള്‍ വിനിയോഗിച്ച് കേരള സര്‍ക്കാര്‍, 2016 ഡിസംബര്‍ 16-ാം തീയതിയിലെ സ. ഉ. (അച്ചടി) നമ്പര്‍ 48/2016/ത.സ്വ.ഭ.വ. ആയി പുറപ്പെടുവിച്ചിട്ടുള്ളതും 2016 ഡിസംബര്‍ 16-ാം തീയതിയിലെ 2181-ാം നമ്പര്‍ കേരള അസാധാരണ ഗസറ്റില്‍ എസ്. ആര്‍. ഒ. നമ്പര്‍ 759/2016 നമ്പരായി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപന പ്രകാരം രൂപീകരിച്ച, വിശാല കൊച്ചി വികസന അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ചെയര്‍മാന്‍ ശ്രീ. സി. എന്‍. മോഹനന് പകരം അഡ്വക്കേറ്റ് വി. സലീമിനെ എക്സിക്യൂട്ടീവ് കമ്മറ്റിയുടെ ചെയര്‍മാനായി നിയമിക്കുകയും മേല്‍പ്പറഞ്ഞ വിജ്ഞാപനം താഴെപ്പറയും പ്രകാരം ഭേദഗതി വരുത്തുകയും ചെയ്യുന്നു, അതായത്:—

ഭേദഗതി

മേല്‍പ്പറഞ്ഞ വിജ്ഞാപനത്തിലെ 'എക്സിക്യൂട്ടീവ് കമ്മിറ്റി'' എന്ന ശീര്‍ഷകത്തിന്‍ കീഴില്‍ '(a) ചെയര്‍മാന്‍ (എക്സ് ഓഫീഷ്യോ)'' എന്ന ഉള്‍ക്കുറിപ്പിനുനേരെയുള്ള ഉള്‍ക്കുറിപ്പിനുപകരം താഴെപ്പറയുന്ന ഉള്‍ക്കുറിപ്പ് ചേര്‍ക്കേണ്ടതാണ്:

'അഡ്വക്കേറ്റ് വി. സലീം,<br>
വലിയകത്ത് വീട്,<br>
ഹില്‍റോഡ്,<br>
ആലുവ,<br>
എറണാകുളം''.

ഗവര്‍ണ്ണറുടെ ഉത്തരവിന്‍പ്രകാരം,

ടി. കെ. ജോസ്,

*ഗവണ്‍മെന്റ് അഡീഷണല്‍ ചീഫ് സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2016 ഡിസംബർ 16-ാം തീയതിയിലെ സ. ഉ. (അച്ചടി) നമ്പർ 48/2016/ത.സ്വ.ഭ.വ. ആയി പുറപ്പെടുവിച്ചിട്ടുള്ളതും 2016 ഡിസംബർ 16-ാം തീയതിയിലെ 2181-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ യഥാക്രമം എസ്. ആർ. ഒ. നമ്പരുകൾ 757/2016, 758/2016, 759/2016-ാം ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനങ്ങൾ പ്രകാരം, വിശാല കൊച്ചി വികസന അതോറിറ്റിയുടെയും ജനറൽ കൗൺസിലിന്റെയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും ചെയർമാനായി (എക്സ് ഒഫിഷ്യോ) നിയമിച്ച ശ്രീ. സി. എൻ. മോഹനൻ (ലക്ഷ്മിനാരായൺ ഭവൻ, ചപ്പുറായിൽ, പുത്തൻകുരിശ്, എറണാകുളം) രാജിവെച്ചതിനാൽ അഡ്വക്കേറ്റ് വി. സലീമിനെ (വലിയകത്ത് വീട്, ഹിൽറോഡ്, ആലുവ, എറണാകുളം) വിശാല കൊച്ചി വികസന അതോറിറ്റിയുടെയും ജനറൽ കൗൺസിലിന്റെയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും ചെയർമാനായും നിയമിക്കുവാനും അതിനനുസൃതമായി പ്രസ്തുത വിജ്ഞാപനം ഭേദഗതി ചെയ്യുവാനും സർക്കാർ തീരുമാനിക്കുകയുണ്ടായി.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനങ്ങൾ.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESS
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2019

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by SHEELA M G
Date:2019.07.12 02:50:32 +05:30